**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1968** **20-06-2024 - ൽ മറുപടിയ്ക്ക്**

**ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെയും അസിസ്റ്റന്റ് ഫീൽഡ് ഓഫീസർമാരുടെയും സ്ഥലം മാറ്റങ്ങൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. സി. വിഷ്ണുനാഥ് | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | മൃഗസംരക്ഷണ വകുപ്പിൽ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെയും അസിസ്റ്റൻറ് ഫീൽഡ് ഓഫീസർമാരുടെയും സ്ഥലംമാറ്റങ്ങൾ പൊതുഭരണ വകുപ്പിന്റെ 3/2017 ലെ ഉത്തരവ് പാലിച്ച് ഓൺലൈൻ മുഖേന നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | മൃഗസംരക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I, അസിസ്റ്റന്റ് ഫീൽഡ് ആഫീസർ തസ്തികകളിലെ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം പൊതുഭരണ വകുപ്പിന്റെ 25/02/2017 ലെ സ ഉ (പി) നം.3/2017/ഉ ഭ പ വ. പ്രകാരം ഓൺലൈൻ മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചിരുന്നുവെങ്കിലും ആയത് പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ല.<br><br>മൃഗസംരക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I, അസിസ്റ്റന്റ് ഫീൽഡ് ആഫീസർ തസ്തികകളിലെ ജീവനക്കാരുടെ 2023 വർഷത്തിലെ പൊതുസ്ഥലംമാറ്റം സ്പാർക്ക് മുഖേന ഓൺലൈനായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ വകുപ്പ് ആരംഭിക്കുകയും, ജീവനക്കാരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. എന്നാൽ പ്രസ്തുത നടപടികൾക്കെതിരെ ടി തസ്തികകളിലെ ഒരു വിഭാഗം ജീവനക്കാർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA (E 212/2024 നം. കേസ് ഫയൽ ചെയ്യുകയും, ടി കേസിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീ ട്രിബ്യൂണലിന്റെ 23/02/2024 ലെ ഇടക്കാല ഉത്തരവ് പ്രകാരം പ്രസ്തുത നടപടികൾ വകുപ്പി താല്ക്കാലികമായി നിറുത്തിവയ്ക്കേണ്ടി വരികയും ചെയ്തു. ടി കേസിന്മേലുള്ള അന്തിമ ഉത്തരവ് ലഭ്യമായിട്ടില്ല. ആയത് ലഭ്യമായാൽ മാത്രമേ ടി തസ്തികകളിലെ ജീവനക്കാരുടെ തുടർന്നുള്ള പൊതുസ്ഥലംമാറ്റ നടപടികളും വകുപ്പിന് ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |
| (ബി) | പ്രസ്തുത സ്ഥലം മാറ്റങ്ങൾ 3/2017 ലെ ഉത്തരവ് പാലിച്ച് നടപ്പിലാക്കണമെന്ന കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണലിന്റെ ഒ.എ. 1484/2021-ലെ വിധി നടപ്പിലാക്കുമെന്ന് 07.05.2022-ൽ ഉത്തരവിറക്കിയതല്ലാതെ മറ്റെന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | മൃഗസംരക്ഷണ വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികയിലെ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റം ഓൺലൈൻ മുഖേന നടപ്പിലാക്കുന്നതിനായി, ടി വിഭാഗം ജീവനക്കാരുടെ സർവ്വീസ് സംഘടനകളിൽ ഒന്നായ കേരള ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടേഴ്സ് അസോസിയേഷൻ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA 1484/2021 നം. കേസ് ഫയൽ ചെയ്യുകയും, ടി കേസിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 24/02/2022 ലെ അന്തിമ ഉത്തരവ് പ്രകാരം, സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനും നിയമനത്തിനുമായുള്ള പൊതുമാനദണ്ഡങ്ങളും |

| | | | |
|---|---|---|---|
| | | | മാർഗ്ഗനിർദ്ദേശങ്ങളും നിശ്ചയിച്ചുകൊണ്ടുള്ള പൊതുഭരണ വകുപ്പിന്റെ 25/02/2017 ലെ സ ഉ (പി) നം.3/2017/ഉ ഭ പ വ. പ്രകാരം, വകുപ്പിലെ ജീവനക്കാരുടെ ഇലക്ട്രോണിക് ഡാറ്റാബേസ് സോഫ്റ്റ് വെയർ രൂപവത്കരണം ത്വരിതപ്പെടുത്തി ആയതിന്റെ അടിസ്ഥാനത്തിൽ ഓൺലൈൻ സംവിധാനത്തിലൂടെ മാത്രം, വരും വർഷങ്ങളിലേയ്ക്കുള്ള പൊതുസ്ഥലംമാറ്റം നടത്തുന്നതിന് നടപടികൾ കൈക്കൊള്ളാൻ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകികൊണ്ട് (സ ഉ (സാധാ) നം.228/2022/എ എച്ച് ഡി. തീയതി 07/05/2022), പ്രസ്തുത കോടതി ഉത്തരവ് സർക്കാർ പാലിച്ചിട്ടുള്ളതുമാണ്.<br><br>തുടർന്ന് പ്രസ്തുത സർക്കാർ ഉത്തരവിലെ നിർദ്ദേശപ്രകാരം വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I, അസിസ്റ്റന്റ് ഫീൽഡ് ആഫീസർ തസ്തികകളിലെ ജീവനക്കാരുടെ ഇലക്ട്രോണിക് ഡാറ്റാബേസ് സ്പാർക്ക് മുഖേന തയ്യാറാക്കി, 2023 വർഷത്തിലെ പൊതുസ്ഥലംമാറ്റം ഓൺലൈനായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ വകുപ്പ് ആരംഭിക്കുകയും, ജീവനക്കാരിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചുകൊണ്ടുള്ള നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു (നോട്ടിഫിക്കേഷൻ നം.AHD/7551/2021 – K4. തീയതി 31/01/2024). എന്നാൽ പ്രസ്തുത നടപടികൾക്കെതിരെ ടി തസ്തികകളിലെ ഒരു വിഭാഗം ജീവനക്കാർ വീണ്ടും ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ OA (E) 212/2024 നം. കേസ് ഫയൽ ചെയ്യുകയും, ടി കേസിന്മേലുള്ള ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 23/02/2024 ലെ ഇടക്കാല ഉത്തരവ് പ്രകാരം പ്രസ്തുത നടപടികൾ വകുപ്പിന് താല്കാലികമായി നിർത്തിവയ്ക്കേണ്ടി വരികയും ചെയ്തു. ടി കേസിന്മേലുള്ള അന്തിമ ഉത്തരവ് ലഭ്യമായിട്ടില്ല. ആയത് ലഭ്യമായാൽ മാത്രമേ ടി തസ്തികകളിലെ ജീവനക്കാരുടെ തുടർന്നുള്ള പൊതുസ്ഥലംമാറ്റ നടപടികളും വകുപ്പിന് ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. |
| (സി) | വകുപ്പ് 19.04.2023-ൽ പുറത്തിറക്കിയ സർക്കുലറിൽ 15 കിലോമീറ്റർ ഏരിയൽ ഡിസ്റ്റൻസ് കണക്കാക്കി സ്ഥലംമാറ്റം നടത്താനുള്ള തീരുമാനം സർക്കാരിന്റെ ഏത് ഉത്തരവ് പ്രകാരമാണ്; വിശദമാക്കാമോ; | (സി) | സംസ്ഥാനത്തെ സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലംമാറ്റത്തിനും നിയമനത്തിനുമായുള്ള പൊതുമാനദണ്ഡങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും നിശ്ചയിച്ചുകൊണ്ടുള്ള പൊതുഭരണ വകുപ്പിന്റെ 25/02/2017 ലെ സ ഉ (പി) നം.3/2017/ഉ ഭ പ വ. യിലെ ഖണ്ഡിക 9 (I) ൽ " ഒരു ജില്ലയിലെ (റവന്യൂ ജില്ല) 15 കി.മീറ്റർ ചുറ്റളവിനുള്ളിലുള്ള സർവ്വീസ് ഒരേ സ്റ്റേഷനിലെ സർവ്വീസായി കണക്കാക്കേണ്ടതാണെന്ന്" നിഷ്കർഷിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിലാണ് 15 കി.മീറ്റർ ചുറ്റളവിനുള്ളിലുള്ള വകുപ്പിലെ സ്ഥാപനങ്ങളെ ഒറ്റ |

| | | | |
|---|---|---|---|
| | | | സ്റ്റേഷനായി പരിഗണിച്ചുകൊണ്ട് സ്പാർക്കിൽ മാപ്പ് ചെയ്ത് ലോക്ക് ചെയ്തിട്ടുള്ളത്. പ്രസ്തുത സ്റ്റേഷനുകളുടെ ലിസ്റ്റ് ഡയറക്ടറുടെ 19/04/2023 ലെ AHD/2935/2023 – IT4 നം. സർക്കുലർ പ്രകാരം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. |
| (ഡി) | പ്രസ്തുത സർക്കുലറിന്മേൽ കോടതി നിർദ്ദേശം പാലിച്ച് 15 കിലോമീറ്റർ എന്നത് റോഡ് മാർഗ്ഗമുള്ള ദൂരമായി കണക്കാക്കി ഓൺലൈൻ മാർഗ്ഗത്തിലൂടെ സ്ഥലംമാറ്റം നടത്താൻ നടപടി സ്വീകരിക്കുമോ? | (ഡി) | പൊതുഭരണ വകുപ്പിന്റെ 25/02/2017 ലെ സ ഉ (പി) നം.3/2017/ഉ ഭ പ വ. യിലെ ഖണ്ഡിക (13) ൽ നിഷ്കർഷിച്ചിരിക്കും പ്രകാരം, പൊതുസ്ഥലംമാറ്റത്തിനുള്ള ഭേദഗതികൾ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ തസ്തികകളിലെ ജീവനക്കാരുടെ സർവ്വീസ് സംഘടനകളുമായി 11/06/2024 ന് ഡയറക്ടർ ചർച്ച ചെയ്തിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് മേൽ പരാമർശിച്ച കേസിന്മേൽ ബഹു.കോടതിയിൽ നിന്നും അന്തിമ ഉത്തരവ് ലഭ്യമായാൽ മാത്രമേ ഇക്കാര്യത്തിൽ തുടർനടപടി സ്വീകരിക്കുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ